# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE: 20/08/2023** |
| **Class Note** | **Lesson: പ്രയോഗം** | **Topic: Descriptive** |

## പ്രയോഗം

കർത്താവ്, കർമ്മം എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേകം പ്രാധാന്യം കൊടുത്തു കൊണ്ടുള്ള വാക്യരചനാരീതിയാണ് പ്രയോഗം. കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം എന്നിങ്ങനെ രണ്ടു തരം പ്രയോഗങ്ങളാണ് ഭാഷയിൽ ഉള്ളത്.

*കർത്തരിപ്രയോഗം*

കർത്താവിന് പ്രാധാന്യം കൊടുക്കുന്ന വാക്യരചനാരീതി.

ഉദാ: 1. ഈശ്വരൻ നിന്നെ അനുഗ്രഹിക്കും. 2. കാളിദാസൻ ശാകുന്തളം എഴുതി.
3. വേണു അത് ചെയ്യുന്നു. 4. അവർ അത് പരിഹരിക്കും.

*കർമ്മണിപ്രയോഗം*

കർമ്മത്തിന് പ്രാധാന്യം കൊടുക്കുന്ന വാക്യരചനാരീതി.

ഉദാ: 1. നീ ഈശ്വരനാൽ അനുഗ്രഹിക്കപ്പെടും.
2. ശാകുന്തളം കാളിദാസനാൽ എഴുതപ്പെട്ടു.
3. അത് വേണുവിനാൽ ചെയ്യപ്പെടുന്നു.
4. അത് അവരാൽ പരിഹരിക്കപ്പെടും.

കർത്തരിപ്രയോഗം കർമ്മണിപ്രയോഗമാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. കർമ്മത്തെ കർത്താവിന്റെ സ്ഥാനത്തേക്ക് കൊണ്ടുവരണം.
2. കർത്തരിപ്രയോഗത്തിലെ കർത്താവിനോടൊപ്പം 'ആൽ'(-ാൽ) എന്ന പ്രത്യയം ചേർക്കണം.
3. ക്രിയയോടൊപ്പം 'പെടുക' എന്ന സഹായകക്രിയ ചേർക്കണം.
4. ഉത്തമ മധ്യമപുരുഷ സർവനാമരൂപങ്ങളിൽ മാറ്റം വരുത്തണം.

കൂടുതൽ ഉദാഹരണങ്ങൾ:

| | | |
|---|---|---|
| 1 | മാലതി കത്ത് എഴുതി. | കത്ത് മാലതിയാൽ എഴുതപ്പെട്ടു. |
| 2 | രാജാവ് മന്ത്രിയെ വിളിക്കുന്നു. | മന്ത്രി രാജാവിനാൽ വിളിക്കപ്പെടുന്നു. |
| 3 | ഞാൻ പണം അയയ്ക്കും. | പണം എന്നാൽ അയയ്ക്കപ്പെടും. |
| 4 | അവർ അതെല്ലാം ചെയ്തു. | അതെല്ലാം അവരാൽ ചെയ്യപ്പെട്ടു. |

**പ്രയോഗം മാറ്റുക**

| | | |
|---|---|---|
| 1 | നിന്നെ അവൻ പുകഴ്ത്തുന്നു. | |
| 2 | ഈ കവിത കുമാരനാശാൻ എഴുതിയതാണ്. | |
| 3 | ഇനി എന്തെല്ലാം കാര്യങ്ങൾ അവർ ചെയ്യണം? | |
| 4 | രാജാവിനാൽ നിർമ്മിക്കപ്പെട്ട കൊട്ടാരമാണിത്. | |

***